"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യ വകുപ്പ് - ജർമ്മനിയിലെ മ്യൂണിക്കിൽ വച്ച് സംഘടിപ്പിക്കുന്ന' IFAT 2022 Trade Fair Show for Water,Sewage,Waste and Raw materials'' എന്ന പരിപാടിയിൽ പങ്കെടുക്കുന്നതിന് ബഹു. കൊച്ചി കോർപ്പറേഷൻ മേയർക്കും സെക്രട്ടറിയ്ക്കും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1321/2022/LSGD തീയതി,തിരുവനന്തപുരം, 27-05-2022

---

പരാമർശം:-
1. നഗരകാര്യ ഡയറക്ടറുടെ 16.05.2022 തീയതിയിലെ ഇ2-1358/2022 നമ്പർ കത്ത്.
2. 16/02/2019 തീയതിയിലെ ജി.ഒ.(പി)നം12/2019/ധന നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

2022 മെയ് 29 മുതൽ ജൂൺ 5 വരെ ജർമ്മനിയിലെ മ്യൂണിക്കിൽ വച്ച് സംഘടിപ്പിക്കുന്ന '' IFAT 2022 Trade Fair Show for Water,Sewage,Waste and R aw materials '' എന്ന പരിപാടിയിൽ കൊച്ചി കോർപ്പറേഷനെ പ്രതിനിധികരിച്ച് പങ്കെടുക്കുന്നതിന് ബഹു. മേയർക്കും സെക്രട്ടറിക്കും ക്ഷണം ലഭിച്ചിട്ടുള്ളതായും യാത്ര , താമസ സൗകര്യം തുടങ്ങി എല്ലാ ചെലവുകളും സംഘാടകർ തന്നെ വഹിക്കുമെന്നതിനാൽ നഗരസഭയ്ക്ക് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നതല്ലായെന്നും ആയതിനാൽ 2022 മെയ് 29 മുതൽ ജൂൺ 5 വരെ ജർമ്മനിയിലെ മ്യൂണിക്കിൽ വച്ച് സംഘടിപ്പിക്കുന്ന '' IFAT 2022 Trade Fair Show for Water,Sewage,Waste and R aw materials '' എന്ന പരിപാടിയിൽ കൊച്ചി കോർപ്പറേഷനെ പ്രതിനിധികരിച്ച് പങ്കെടുക്കുന്നതിന് ബഹു മേയറെയും സെക്രട്ടറിയേയും അനുവദിക്കണമെന്ന കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ അപേക്ഷ നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 1 പ്രകാരം സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2022 മെയ് 29 മുതൽ ജൂൺ 5 വരെ ജർമ്മനിയിലെ മ്യൂണിക്കിൽ വച്ച് സംഘടിപ്പിക്കുന്ന' IFAT 2022 Trade Fair Show for Water,Sewage,Waste and R aw materials '' എന്ന പരിപാടിയിൽ കൊച്ചി കോർപ്പറേഷനെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നതിന് ബഹു. കൊച്ചി കോർപ്പറേഷന് മേയർക്കും സെക്രട്ടറിയ്ക്കും വിദേശ യാത്ര സംബന്ധിച്ച നിലവിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി അനുമതി നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ